<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 643</u> <u>30-01-2024 - ൽ മറുപടിയ്ക്ക്</u>

<u>എം.എസ്.എം.ഇ. ഇൻഷ്വറൻസ് പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എം.എസ്.എം.ഇ. പദ്ധതി പ്രകാരം ഏതെല്ലാം സംരംഭങ്ങൾക്കാണ് സർക്കാർ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങ സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ എം.എസ്.എം.ഇ-കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായ ബാധിക്കുന്നതും മുൻകൂട്ടി കാണാൻ കഴിയാത്തതുമായ അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന എം.എസ്.എം.ഇ-കൾ അടയ്ക്കുന്ന വാർഷിക ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50 ശതമാന വരെ റീഇംബേഴ്സ്മെന്റ് ആയി നൽകുന്ന എം.എസ്.എം.ഇ ഇൻഷ്വറൻസ് പദ്ധതി ജില്ല വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്നു.<br><br>നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്നീ പൊതുമേഖലാ ഇൻഷ്വറൻസ് സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽ നിന്നും 2023 ഏപ്രിൽ ഒന്നിന് ശേഷമുള്ള കാലയളവിൽ, ഭാരത് സൂക്ഷ്മ/ലഘു ഉദ്യം സ്കീമിന് കീഴിൽ ഇൻഷ്വറൻസ് എൻറോൾ ചെയ്തിട്ടുള്ള നിർമ്മാണ, സേവന, വ്യാപാര മേഖലയിലെ എല്ലാ എം.എസ്.എം.ഇ-കളും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരാണ്. |
| (ബി) | പ്രസ്തുത പദ്ധതിപ്രകാരം നൽകുന്ന ആനുകൂല്യങ്ങൾ ഏത് രൂപത്തിലാണ് സംരംഭകർക്ക് നൽകുന്നത്; വ്യക്തമാക്കാമോ; | (ബി) | ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി അടച്ച വാർഷിക പ്രീമിയത്തിന്റെ റീ-ഇമ്പേഴ്സ്മെന്റ് എന്ന രൂപത്തിലാണ് ഈ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത്. സംരംഭകർക്ക് അവരുടെ വാർഷിക ഇൻഷ്വറൻസ് |

| | | | |
|---|---|---|---|
| | | | പ്രീമിയത്തിന്റെ 50% (പരമാവധി 2500 രൂപ) റീ-ഇമ്പേഴ്‌സ്‌മെന്റിന് അർഹതയുണ്ട്. പദ്ധതിയുടെ ഭാഗമായ 4 പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽ നിന്ന് വാർഷിക പ്രീമിയം മുഴുവൻ അടച്ച് എം.എസ്.എം.ഇ ഇൻഷുറൻസ് പോളിസി വാങ്ങേണ്ടതും, തുടർന്ന് അതാത് ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് ഓൺലൈൻ പോർട്ടൽ വഴി റീ-ഇമ്പേഴ്‌സ്‌മെന്റിനുള്ള അപേക്ഷ, UDYAM രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് പോളിസി രേഖകൾ, പ്രീമിയം അടച്ച രസീത് എന്നിവ സഹിതം സമർപ്പിക്കേണ്ടതുമാണ്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നും റീ-ഇമ്പേഴ്‌സ്‌മെന്റ് തുക (അടച്ച വാർഷിക പ്രീമിയത്തിന്റെ 50% മോ അല്ലെങ്കിൽ 2500 രൂപയോ ഏതാണ് കുറവ് അത്) കണക്കാക്കി എം.എസ്.എം.ഇ യൂണിറ്റിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകും. |
| (സി) | പ്രസ്തുത ഇൻഷുറൻസ് പരിരക്ഷയ്ക്കുള്ള വാർഷിക ഇൻഷുറൻസ് പ്രീമിയത്തിന് നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; വിശദമാക്കാമോ? | (സി) | മേൽ ബി പിരിവിലെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ